**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3966 — 18..10..2011 -ൽ മറുപടിയ്ക്ക്.

## സ്കൂൾ റിക്കാർഡിൽ തിരുത്തലുകൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ

| *ചോദ്യം*<br>ശ്രീ. പി. സി. വിഷ്ണുനാഥ് | *ഉത്തരം*<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതിന് അധികാരം ആർക്കാണ് എന്നും അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും വ്യക്തമാക്കുമോ ; | (എ) ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതിന് പരീക്ഷാ കമ്മിഷണറുടെ കാര്യാലയത്തിലെ ജോയിന്റ് കമ്മിഷണർക്കാണ് അധികാരം. അപേക്ഷ സമർപ്പിക്കേണ്ടത് ജോയിന്റ് കമ്മിഷണർ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695012 എന്ന മേൽവിലാസത്തിലാണ്. |
| (ബി) ടെക്നിക്കൽ ഹൈസ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനന തീയതി തിരുത്തുന്നതിന് പരീക്ഷാ പാസായിട്ട് 15 വർഷത്തിന് ശേഷം സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രത്യേക അനുമതി ആവശ്യമാണോയെന്ന് അറിയിക്കുമോ ; | (ബി) പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പ്രത്യേക അനുമതി ആവശ്യമാണ്. |
| (സി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) ഇക്കാര്യത്തിൽ വ്യക്തമായ സ്റ്റാറ്റ്യൂട്ടറി ഉത്തരവ് നിലവിലുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം അധ്യായം VI റൂൾ 3 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷ പാസ്സായി 15 വർഷം കഴിഞ്ഞെങ്കിലോ, സ്കൂൾ വിട്ടതിനുശേഷം 15 വർഷം കഴിഞ്ഞെങ്കിലോ (എസ്.എസ്.എൽ.സി പാസ്സാകാത്തവർക്ക്) അപേക്ഷ സമർപ്പിക്കാൻ വന്ന കാലതാമസം ഒഴിവാക്കാൻ സർക്കാരിന്റെ പ്രത്യേക ഉത്തരവ് ലഭിക്കണം. ഇതിനായി പൊതു വിദ്യാഭ്യാസ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ് ബിൽഡിംഗ്, തിരുവനന്തപുരം എന്ന മേൽവിലാസ ത്തിൽ അപേക്ഷ നൽകേണ്ടതാണ്.<br>ടി.എച്ച്.എസ്.എൽ.സി. യ്ക്കും മേൽ ചട്ടം ബാധകമാണ്. |

സെക്ഷൻ ഓഫീസർ